KERALA CATHOLIC BISHOPS' COUNCIL

# MEDIA COMMISSION

PASTORAL ORIENTATION CENTRE, PALARIVATTOM, KOCHI-682025, KERALA, INDIA
Tel: 0484-2806227, Fax: 0484-2806227, Mob.9447285077
E-mail: kcbcmediacommission@gmail.com

15.07.18

## കെസിബിസി അവാർഡുകൾ വിതരണം ചെയ്തു

കൊച്ചി: കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ മാധ്യമദിനാഘോഷവും 2017-ലെ അവാർഡു വിതരണവും കെസിബിസി ആസ്ഥാന കാര്യാലയമായ പിഒസി ഓഡിറ്റോറിയത്തിൽ നടന്നു. കെ.സി.ബി.സി. മാധ്യമക്കമ്മീഷൻ ചെയർമാൻ ബിഷപ്പ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്ത പ്രസ്തുത ചടങ്ങിൽ മാധ്യമക്കമ്മീഷൻ വൈസ് ചെയർമാനും ഇരിങ്ങാലക്കുട രൂപതാധ്യക്ഷനുമായ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷതവഹിച്ചു. സമൂഹത്തിൽ നന്മയുടെ ദാതാക്കളായി നിന്ന് നിസ്വാർത്ഥ സേവനം ചെയ്തവരെ കണ്ടെത്താൻ കഴിഞ്ഞത് ഒരു നേട്ടമായി പിതാവ് അനുസ്മരിച്ചു. ചാലക്കുടി എം.പി.യും പ്രമുഖ സിനി ആർട്ടിസ്റ്റുമായ ശ്രീ. ഇന്നസെന്റ് എം.പി. മുഖ്യ അതിഥിയായിരുന്നു. തന്നെ താനാക്കി വളർത്തി ഈ നിലയിൽ എത്തിക്കാൻ പലവിധത്തിൽ സഹായിച്ച വൈദികരെയും അധ്യാപകരേയും സഭാനേതൃത്വത്തെയും ശ്രീ. ഇന്നസെന്റ് നന്ദിയോടെ അനുസ്മരിച്ചു. **ശ്രീമതി ലിസി (സാഹിത്യഅവാർഡ്), ശ്രീ. ടിനി ടോം (മാധ്യമ അവാർഡ്), ശ്രീ. റോണി റാഫേൽ (യുവപ്രതിഭാ അവാർഡ്), റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ (ദാർശനിക വൈജ്ഞാനിക അവാർഡ്), ഷെവലിയർ പ്രൊഫസർ അബ്രാഹം അറക്കൽ, റവ. ഫാ. അലക്സാണ്ടർ പൈകട, റവ. മോൺ. മാത്യു എം. ചാലിൽ, ശ്രീ. സോളമൻ ജോസഫ്** എന്നിവർക്ക് ഗുരുപൂജ പുരസ്കാരങ്ങളും ശ്രീ. ഇന്നസെന്റ് എം.പി. സമ്മാനിച്ചു. റവ. ഫാ വർഗീസ് വള്ളിക്കാട്ട്, റവ. ഫാ. ജോളി വടക്കൻ, റവ. ഫാ. ആന്റണി വിപിൻ, റവ. ഫാ. മിൽട്ടൻ തുടങ്ങിയവർ പ്രസംഗിച്ചു. സോങ്ങ് ഓഫ് സോങ്ങ് കരോൾ ഗാനമത്സര വിജയികൾക്കുള്ള സമ്മാനദാനവും തദവസരത്തിൽ നടന്നു. സമ്മേളനാനന്തരം ശ്രീ. റോണിയും സംഘവും അവതരിപ്പിച്ച സംഗീതനിശയും ഉണ്ടായിരുന്നു.

**ഫാ. ജോളി വടക്കൻ,**
സെക്രട്ടറി, കെസിബിസി മീഡിയാക്കമ്മീഷൻ
ഫോൺ - 9447285077

ഫോട്ടോമാറ്റർ: കെസിബിസി അവാർഡ് വിതരണത്തിന്റെയും മാധ്യമദിനാചരണത്തിന്റെയും ഉദ്ഘാടനം കെസിബിസി മാധ്യമക്കമ്മീഷൻ ചെയർമാൻ ബിഷപ്പ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. വർഗീസ് വള്ളിക്കാട്ട്, പ്രൊഫ. അബ്രാഹം അറക്കൽ, റോണി റാഫേൽ, ലിസി, ഇന്നസെന്റ് എം.പി., ഫാ. ജോളി വടക്കൻ, ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ഡോ. അഗസ്റ്റിൻ മുള്ളൂർ, മോൺ, മാത്യു എം. ചാലിൽ, ഫാ. അലക്സാണ്ടർ പൈകട, സോളമൻ ജോസഫ് എന്നിവർ സമീപം.

Chairman
**Rt. Rev. Dr. Sebastian Thekethecheril**
Vice Chairman
**Bp. Mar Joseph Pandarasseril**
Vice Chairman
**Bp. Mar Pauly Kannookadan**
Secretary
**Fr. Jolly Vadakken**